ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 03.11.2024

പ്രധാന വാർത്തകൾ

TIME : 07.25 PM

1. ഇന്ത്യയെ ക്ഷയരോഗ മുക്ത രാജ്യമാക്കുന്നതിനുള്ള ശ്രമം കേന്ദ്ര സർക്കാർ തുടരുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   **The central government will continue its efforts to make India a tuberculosis-free country: Prime Minister Narendra Modi.**

2. അങ്കമാലി മുതൽ എരുമേലി വരെയുള്ള ശബരി റെയിൽ വികസനത്തിന് കേന്ദ്രം പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്.

   **Center is committed to the development of Sabari Rail from Angamaly to Erumeli, says Central Railway Minister Ashwini Vaishnav.**

3. ലോകത്തിനൊപ്പം വളരാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്ന് വിദേശകാര്യമന്ത്രി എസ് ജയശങ്കർ.

   **External Affairs Minister S Jaishankar says, India wants to grow with the world.**

4. സംസ്ഥാന സ്കൂൾ കായികമേളക്ക് നാളെ എറണാകുളത്ത് തുടക്കം.

   **The State School Sports Festival starts tomorrow in Ernakulam.**

5. മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലാൻഡിന് 25 റൺ വിജയം.

   **New Zealand beat India by 25 runs in the Mumbai Cricket Test.**

6. കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് 8 ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Heavy rains continue in Kerala. Yellow alert in 8 districts today.**

*********************************

HEADLINE-1

## PM-TB DECLINE

രാജ്യത്തെ ക്ഷയരോഗികളുടെ എണ്ണത്തിലുള്ള കുറവ് ഇന്ത്യയുടെ പ്രതിബദ്ധതയുടെയും പരിശ്രമങ്ങളുടെയും തെളിവാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ക്ഷയരോഗ മുക്ത ഇന്ത്യയ്ക്കായി സർക്കാർ നിരന്തരം പരിശ്രമിക്കുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 2015-30 കാലയളവിൽ ഇന്ത്യയിലെ ക്ഷയരോഗികളുടെ എണ്ണത്തിൽ 17.7 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്. ആഗോളതലത്തിൽ ഇത് 8.3 ശതമാനമാണ്.

*********************************************************

HEADLINE-2

## KERALA - ASHWINI VAISHNAW (INTRO)

അങ്കമാലി മുതൽ എരുമേലി വരെയുള്ള ശബരി റെയിൽ വികസനത്തിന് കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. തൃശൂർ റെയിൽവേ സ്റ്റേഷനിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർക്കാരിന് ഉടൻ മാതൃക തയ്യാറാക്കി നൽകുമെന്നും അദ്ദേഹം പറഞ്ഞു. പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് മുന്നോട്ടുപോയാൽ കെ റെയിൽ പദ്ധതി യാഥാർത്ഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

*********************************************************

## KOZHIKODE-IT HUB-ASWINI

അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിക്കുന്ന കോഴിക്കോട് റയിൽവേ സ്റ്റേഷൻ വികസന പദ്ധതികളും കേന്ദ്ര റയിൽവേമന്ത്രി അവലോകനം ചെയ്തു. കോഴിക്കോട് റയിൽവേയുടെ ഭാഗമായി IT ഹബ്ബ് സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടെന്ന് ശ്രീ അശ്വിനി വൈഷ്ണവ് മാധ്യമങ്ങളോട് പറഞ്ഞു.

*********************************************************

## ASHWANI VASISHAV- SWAH

ജന്മഭൂമി പത്രത്തിന്റെ സുവർണ്ണജൂബിലി ആഘോഷമായ 'സ്വ' വിജ്ഞാനോത്സവവും ശ്രീ വൈഷ്ണവ് കോഴിക്കോട് ഉദ്ഘാടനം ചെയ്തു. 5 വർഷത്തിനകം റയിൽ യാത്രയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് അദ്ദേഹം പറഞ്ഞു. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, പി.ടി. ഉഷ എംപി, മിസോറാം മുൻ ഗവർണർ കുമ്മനം രാജശേഖരൻ, മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. ഏകദിന സന്ദർശനം പൂർത്തിയാക്കിയ അദ്ദേഹം കോയമ്പത്തൂരിലേക്ക് യാത്ര തിരിച്ചു.

*********************************************************

## PADDY-PROCUREMENT

രാജ്യത്ത് 90 ലക്ഷം ടൺ നെല്ല് സംഭരിച്ചതായി കേന്ദ്ര സർക്കാർ. നിലവിലെ സീസണിൽ ഇതുവരെ മൊത്തം 19,800 കോടി രൂപയുടെ നെല്ല് സംഭരിച്ചതായും 4 ലക്ഷം കർഷകർക്കാണ് ഇതിൻറെ പ്രയോജനം ലഭിക്കുകയെന്നും ഭക്ഷ്യ- പൊതുവിതരണ മന്ത്രാലയം അറിയിച്ചു. സംഭരിച്ചതിൽ 85 ലക്ഷം ടണ്ണും പഞ്ചാബിൽ

നിന്നാണ്. നവംബർ 30 വരെ തുടരുന്ന വിപണന സീസണിൽ 185 ലക്ഷം ടൺ നെല്ല് സംഭരണമാണ് ലക്ഷ്യമിടുന്നത്.

*******************************************************

## BOTSWANA PRESIDENT- PM MODI

തെക്കൻ ആഫ്രിക്കൻ രാജ്യമായ ബോട്സ്വാനയുടെ പുതിയ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഡുമ ബോക്കോയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. ഇന്ത്യ-ബോട്സ്വാന ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിന് അദ്ദേഹവുമായി അടുത്ത് പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നതായും ശ്രീ മോദി സമൂഹ മാധ്യമത്തിൽ പറഞ്ഞു. 60 വർഷം നീണ്ട ഡെമോക്രാറ്റിക് പാർട്ടിയുടെ ഭരണത്തിന് വിരാമം കുറിച്ചാണ് ഡുമ ബോക്കോ ബോട്സ്വാനയിൽ അധികാരത്തിലെത്തിയത്.

*******************************************************

## AMIT SHAH- JHARKHAND

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ബിജെപി പ്രകടനപത്രിക മുതിർന്ന നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ പുറത്തിറക്കി. ഝാർഖണ്ഡിൽ പാർട്ടിയുടെ തിരഞ്ഞെടുപ്പ് ഒരുക്കങ്ങളും അദ്ദേഹം വിലയിരുത്തി. ഖാഡശില, ഹസാരിബാഗ്, ഛതരാ എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് റാലികളിൽ അദ്ദേഹം സംബന്ധിക്കും. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഇന്നലെയാണ് ശ്രീ ഷാ ഝാർഖണ്ഡിലെത്തിയത്.

*******************************************************

## JK - EXPLOSION

ജമ്മു കശ്മീരിലെ ശ്രീനഗർ നഗരത്തിലെ ഒരു മാർക്കറ്റിന് സമീപം ഭീകരർ നടത്തിയ ഗ്രനേഡ് ആക്രമണത്തിൽ പത്ത് പേർക്ക് പരിക്കേറ്റു. പ്രദേശത്ത് റോന്തു ചുറ്റുകയായിരുന്ന സുരക്ഷാ

സേനയുടെ വാഹനത്തിന് നേരെ ഭീകരർ എറിഞ്ഞ ഗ്രനേഡ് ലക്ഷ്യം തെറ്റി ജനങ്ങൾക്കിടയിൽ വീഴുകയായിരുന്നു. അതിനിടെ, കശ്മീരിലെ പുൽവാമ ജില്ലയിൽ നിരോധിത ഭീകര സംഘടനയായ ഹിസ്ബുൾ മുജാഹിദീനുമായി ബന്ധമുള്ള ഒരാളെ പിടികൂടി.

*******************************************************

**HEADLINE-3**

## JAISANKAR (INTRO)

ലോകത്തിനൊപ്പം വളരാനാണ് ഇന്ത്യ ആഗ്രഹിക്കുന്നതെന്നെന്നും ഇന്ത്യയുമായി യോജിച്ച് പ്രവർത്തിക്കാൻ ലോക രാജ്യങ്ങൾ താത്പര്യപ്പെടുന്നതായും വിദേശകാര്യമന്ത്രി എസ് ജയശങ്കർ. ബ്രിസ്ബണിൽ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

(ഹോൾഡ് വോയ്സ്.......)

ആറു ദിവസത്തെ ഓസ്ട്രേലിയ, സിംഗപ്പൂർ സന്ദർശനത്തിന്റെ ഭാഗമായാണ് വിദേശകാര്യമന്ത്രി ശ്രീ ജയശങ്കർ ബ്രിസ്ബണിൽ എത്തിയത്. ഓസ്ട്രേലിയയിലെ ഇന്ത്യയുടെ നാലാമത്തെ കോൺസുലേറ്റ് അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഓസ്ട്രേലിയൻ പാർലമെന്റ് ഹൗസിൽ നടക്കുന്ന രണ്ടാമത് Raisina Down Under - ന്റെ ഉദ്ഘാടന സമ്മേളനത്തിൽ ശ്രീ ജയശങ്കർ മുഖ്യപ്രഭാഷണം നടത്തും. ഓസ്ട്രേലിയൻ നേതാക്കളുമായി അദ്ദേഹം ചർച്ച നടത്തും. സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ഈ മാസം 8 ന് സിംഗപൂരിലെത്തുന്ന വിദേശകാര്യ മന്ത്രി ASEAN - India Network of Think Tanks ന്റെ 8-ാമത് വട്ടമേശ സമ്മേളനത്തെ അഭിസംബോധന ചെയ്യും.

*******************************************************

HEADLINE-4

## KERALA - SCHOOL OLYMPICS

ഒളിമ്പിക്സ് മാതൃകയിൽ കേരളത്തിൽ ആദ്യമായി സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ കായികമേളക്ക് നാളെ എറണാകുളത്ത് തുടക്കമാകും. ഈ മാസം 11 വരെയാണ് കായികമേള അരങ്ങേറുന്നത്. കായികമേളക്ക് മുന്നോടിയായുള്ള ദീപശിഖ പ്രയാണവും വാഹന ജാഥയും വിവിധ ജില്ലകളിൽ സ്വീകരണം ഏറ്റുവാങ്ങിയ ശേഷം നാളെ എറണാകുളം തൃപ്പൂണിത്തുറയിൽ സംഗമിക്കും.

*******************************************************

## PRIYANKA GANDHI-WAYANAD

വയനാട് ലോക്സഭാ മണ്ഡലത്തിലെ UDF സ്ഥാനാർഥി പ്രിയങ്ക ഗാന്ധി മാനന്തവാടിയിൽ പൊതുയോഗത്തെ അഭിസംബോധന ചെയ്തു. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും പ്രിയങ്കയുടെ പ്രചാരണ പരിപാടിയിൽ പങ്കെടുത്തു. വയനാട്ടിലെ LDF സ്ഥാനാർഥി സത്യൻ മൊകേരിയുടെ പ്രചാരണത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ബുധനാഴ്ച കൽപ്പറ്റയിലെത്തും. NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണത്തിനായി കൂടുതൽ ബിജെപി നേതാക്കളും വരുംദിവസങ്ങളിൽ വയനാട്ടിലെത്തും. പാലക്കാട്, ചേലക്കര നിയമസഭാ ഉപതെരഞ്ഞെടുപ്പിൻറെ പ്രചാരണവും പുരോഗമിക്കുകയാണ്.

*******************************************************

HEADLINE-5

## CRICKET

മുംബൈ ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ന്യൂസിലാൻഡിനു 25 റൺ വിജയം. 147 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 127 റൺസിന് എല്ലാവരും പുറത്താവുകയായിരിന്നു. മൂന്നാം ദിനം

ബാറ്റിംഗ് പുനരാരംഭിച്ച ന്യൂസീലൻഡ് 174 റൺസിന് പുറത്തായിരുന്നു. ഇതോടെ 3-0 ത്തിന് ന്യൂസിലാൻഡ് പരമ്പര സ്വന്തമാക്കി.

*************************************************************

## ISL

ഐ എസ് എൽ ഫുട്ബോളിൽ നോർത്ത് ഈസ്റ്റ് യുണൈറ്റഡ് ഒഡിഷ എഫ് സി യെ 3-2 ന് പരാജയപ്പെടുത്തി. നോർത്തീസ്റ്റിന് വേണ്ടി അലാദിൻ അസാരെ രണ്ട് ഗോൾ നേടി. കേരള ബ്ലാസ്റ്റേഴ്സ്-മുംബൈ സിറ്റി എഫ് സി പോരാട്ടം ആരംഭിച്ചു. മുംബൈയിലെ ഫുട്ബോൾ അറീനയിലാണ് മത്സരം.

*************************************************************

HEADLINE-6

## RAIN-KERALA

കേരളത്തിൽ ശക്തമായ മഴ തുടരുന്നു. ഇന്ന് 8 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. ഉരുൾപൊട്ടൽ, മലവെള്ളപ്പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി അറിയിച്ചു. തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചിട്ടുണ്ട്.

*************************************************************

## SPECIAL TRAINS-SCR

ഉത്സവ സീസണിൽ യാത്രക്കാരുടെ സുഗമമായ യാത്ര ലക്ഷ്യമിട്ട് ദക്ഷിണ മധ്യ റെയിൽവേ 860 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുന്നു. മേഖലയിൽ ഇന്ന് 33 സ്പെഷ്യൽ ട്രെയിനുകളാണ് സർവീസ് നടത്തിയത്.

*******************************************************

## JK ASSEMBLY- LOP

ജമ്മു കശ്മീർ നിയമസഭയിലെ പ്രതിപക്ഷ നേതാവായി ബിജെപിയുടെ സുനിൽ ശർമ്മയെ തിരഞ്ഞെടുത്തു. ജമ്മു കശ്മീർ നിയമസഭയിലെ ഏറ്റവും വലിയ പ്രതിപക്ഷ കക്ഷിയാണ് ബിജെപി. കിഷ്ത്വറിലെ പാദ്ദർ - നാഗ്സെനി മണ്ഡലത്തിലെ MLA ആണ് സുനിൽ ശർമ്മ.

*******************************************************

## INDIAN STOCK MARKET

ഇന്ത്യൻ വിപണിയിൽ നിന്ന് വിദേശ നിക്ഷേപകർ കഴിഞ്ഞ മാസം പിൻവലിച്ചത് 94,000 കോടി രൂപയുടെ ഓഹരികൾ. ആഭ്യന്തര വിപണികളിലെ മൂല്യവർധനയും ചൈനീസ് വിപണിയുടെ ശക്തമായ പ്രകടനവും കാരണമാണ് നിക്ഷേപകർ ഓഹരികൾ വിറ്റഴിച്ചത്. കഴിഞ്ഞ മാസം നിക്ഷേപകർ 57,700 കോടി രൂപയുടെ ഓഹരികൾ വാങ്ങിക്കൂട്ടിയിരുന്നു.

*******************************************************

## RATION CARD MUSTERING

കേരളത്തിൽ മുൻഗണനാ റേഷൻ കാർഡ് ഉടമകൾക്ക് ബയോമെട്രിക് മസ്റ്ററിംഗ് നടത്താനുള്ള സമയപരിധി ഈ മാസം 30 വരെ നീട്ടിയതായി മന്ത്രി ജി ആർ അനിൽ. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സജ്ജമാക്കിയ മേരാ KYC മൊബൈൽ ആപ്പ് ഈ മാസം 11-ാം തീയതിയോടെ ഉപയോഗിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

*******************************************************

## ISRAEL- HEZBOLLAH OPERATIVE

ഹിസ്ബുള്ളയുടെ മുതിർന്ന നേതാവിനെ പിടികൂടിയതായി ഇസ്രയേലി പ്രത്യേക സേന അറിയിച്ചു. ഇസ്രയേലിന്റെ പ്രത്യേക സേനാ വിഭാഗം വടക്കൻ ലെബനനിൽ നടത്തിയ പരിശോധനയിലാണ് ഇമാദ് അമ്ഹാസ് എന്ന ഹിസ്ബുള്ള നേതാവ് പിടിയിലായത്. മിലിറ്ററി ഇന്റലിജൻസ് യൂണിറ്റ് ഇയാളെ ചോദ്യം ചെയ്ത് വരുന്നതായും സേനാ വക്താവ് അറിയിച്ചു.

## CATERING UNIT-VEENA GEORGE

മധ്യ കേരളത്തിൽ കാറ്ററിംഗ് യൂണിറ്റുകൾ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പ്രത്യേക കർമ്മ സേനയുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. കാറ്ററിംഗ് യൂണിറ്റുകളെ ബന്ധപ്പെട്ടുണ്ടാകുന്ന ഭക്ഷ്യവിഷബാധകളും അനുബന്ധ പരാതികളും ഉയർന്നു വരുന്ന സാഹചര്യത്തിലായിരുന്നു പരിശോധന.

*

**************************

****************************************************************************************